RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# ശാസ്ത്ര ചരിത്രത്തിലൂടെ ഒരു യാത്രയുമായി സ്കൂൾ വിദ്യാർത്ഥികൾ




ഇരിഞ്ഞാലക്കുട: ഇകെ.എൻ. വിദ്യാഭാസകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിലെ സസ്യശാസ്ത്ര വിഭാഗം ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കായി ശാസ്ത്ര വിജ്ഞാന പരിപാടി, റിസേർച്ച് സെമിനാർ ഹാളിൽ സംഘടിപ്പിച്ചു. ശാസ്ത്ര ചരിത്രം മനസിലാക്കുകയും യുക്തിയും നിരീക്ഷണവും വിദ്യാർത്ഥികളിൽ വികസിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ നടത്തിയ ഈ പരിപാടിയുടെ സമാപന ക്ലാസ്സ്, സംസ്ഥാന SCERT കൺസൾട്ടന്റ് ഡോ. എം ആർ സുദർശന കുമാർ നയിച്ചു.വിവിധ ശാസ്ത്ര മേഖലയിലെ ഗവേഷണ സാധ്യതകളെക്കുറിച്ചും പുതിയ സ്കൂൾ പാഠ്യപദ്ധതിയുടെ സവിശേഷതകളെ പറ്റിയും അദ്ദേഹം വിശദീകരിച്ചു. ചടങ്ങിൽ ബോട്ടണി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. അപർണ്ണ ശ്രീകുമാർ സ്വാഗതം ആശംസിച്ചു. ക്രൈസ്റ്റ് കോളേജ് മുൻ പ്രിൻസിപ്പാളും ഇ.കെ.എൻ സെന്റർ പ്രസിഡന്റുമായ ഡോ. മാത്യു പോൾ ഊക്കൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

സെന്റ് ജോസഫ്സ് കോളേജ് ഡീൻ ഓഫ് സയൻസ് ഡോ. നൈജിൽ ജോർജ് സെമിനാർ ഉദ്ഘാടനം ചെയ്തു.സ്റ്റെപ്പ് കൺവീനർ മായ കെ. നന്ദി പറഞ്ഞു. കോളേജിലെ അധ്യാപകരും ഇരിങ്ങാലക്കുടയിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികളും ചടങ്ങിൽ പങ്കെടുത്തു.



ഒരുമനയൂർ എൻ എസ് എസ് കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ എന്റോമെന്റ് വിതരണവും അനുമോദനവും നടന്നു. പ്രസിഡണ്ട് രാമചന്ദ്രൻ നായർ ഐശ്വര്യ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ശശി നായർ വട്ടേക്കാട്ട്, വൈസ് പ്രസിഡണ്ട് ദിനേശൻ, പുഴുക്കിൽ അജിത്ത്കുമാർ എന്നിവർ സംസാരിച്ചു. ഭരണസമിതി അംഗങ്ങളും കുടുംബാംഗങ്ങളും പങ്കെടുത്തു

# വി.ടി. യെ ഓർക്കുമ്പോൾ

വലപ്പാട്: കേരളീയ നവോത്ഥാന പ്രസ്ഥാനത്തിലെ മുൻനിരക്കാരിൽ ഒരാളായ വി.ടി. ഭട്ടതിരിപ്പാടിന്റെ 44-ാം ചരമ വാർഷികം പ്രബുദ്ധകേരളം ആദരപൂർവ്വം ആചരിക്കുകയാണ്. 1982 ഫെബ്രുവരി 12 ന് 86-ാം വയസ്സിലാണ് അദ്ദേഹം അന്തരിച്ചത്. നമ്പൂതിരിസമുദായത്തിലെ യാഥാസ്ഥിതികവും ജീർണ്ണിച്ചതുമായ ആചാര സമ്പ്രദായങ്ങൾക്കെതിരെ വിട്ടുവീഴ്ചയില്ലാതെ പോരാടിയതിനൊപ്പം ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രവർത്തിച്ച വിപ്ലവകാരി കൂടി ആയിരുന്നു, വി.ടി. എന്ന ദ്വയാക്ഷരി. നരകയാതന അനുഭവിച്ചിരുന്ന നമ്പൂതിരി സ്ത്രീകളുടെ മോചനം ലക്ഷ്യമാക്കി അദ്ദേഹം രചിച്ച് അവതരിപ്പിച്ച 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് ' എന്ന നാടകം ഇരുട്ട്മൂടിയ അന്ത:പ്പുരങ്ങളിലെ അനീതികൾക്ക് തീ കൊളുത്തിയ ഒന്നായിരുന്നു. ഇത്കൂടാതെ വേറെയും നാടകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്.വിധവാ വിവാഹം തടയുന്ന മാമൂലുകൾക്കെതിരെയും ബഹുഭാര്യത്വം അവസാനിപ്പിക്കുന്നതിന്ന് വേണ്ടിയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നമ്പൂതിരി യുവജനസംഘം സമരപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. എം. ആർ. ബി, എം.പി. ഭട്ടതിരിപ്പാട് (പ്രേംജി ), ഇ.എം.എസ്സ്, തുടങ്ങിയവരൊക്കെ അദ്ദേഹത്തിന്റെ സഹയാത്രികരും സഹപ്രവർത്തകരുമായിരുന്നു. 'കണ്ണീരും കിനാവും ' എന്ന അദ്ദേഹത്തിന്റെ ആത്മകഥ ചരിത്രാന്വേഷികളും സാഹിത്യകുതുകികളുമായ വായനക്കാരെ ഇന്നും ആകർഷിച്ചു കൊണ്ടിരിക്കുന്നു.

## ഇന്ന് മുതൽ ഗതാഗത നിയന്ത്രണം

തൃശ്ശൂർ : കൊട്ടേക്കാട് - മുണ്ടൂർ റോഡിലെ കൊളങ്ങാട്ടുകര പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് കൊട്ടേക്കാട് - മുണ്ടൂർ റോഡിലെ അപ്രോച്ച് റോഡിന്റെ ഇന്റർലോക്കിംഗ് ടൈൽ പ്രവൃത്തികൾ ആരംഭിക്കുന്നതിനാൽ ഫെബ്രുവരി 13 മുതൽ ഫെബ്രുവരി 27 വരെ കൊട്ടേക്കാട് മുണ്ടൂർ റോഡിലെ കൊളങ്ങാട്ടുകര പാലത്തിലൂടെ ഇരുചക്രവാഹനങ്ങൾ ഒഴികെയുള്ള വാഹന ഗതാഗതം പൂർണ്ണമായും നിരോധിക്കുന്നതാണെന്ന് പി.ഡബ്ല്യു.ഡി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

## ഇന്നത്തെ പരിപാടി

തൃശൂർ:അടാട്ട് ബിവി പി സീനിയർ സെക്കൻഡറി സ്കൂൾ: വാർഷികാഘോഷം വൈകീട്ട് 5. 30ന്

# സ്കൂൾ വാർഷികം സംഘടിപ്പിച്ചു



ഇരിങ്ങാലക്കുട:ആനന്ദപുരം ശ്രീകൃഷ്ണ ഹയർസെക്കൻററി സ്കൂളിന്റെ 73-ാമത് വാർഷികാഘോഷം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ടി.കെ.സുധീഷ് ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡൻറ് ശ്രീജിത്ത് പട്ടത്ത് അദ്ധ്യക്ഷനായിരുന്നു. പുരസ്കാര വിതരണം,മംഗളപത്ര സമർപ്പണം,എന്നിവ യഥാക്രമം ജില്ലാ പഞ്ചായത്ത് അംഗങ്ങളായ കെ.ജെ.ഡിക സനും, ജോസ് ജെ ചിറ്റിലപ്പിള്ളിയും ഫോട്ടോ അനാച്ഛാദനം മാനേജർ എ.എൻ.നീലകണ്ഠനും നിർവ്വഹിച്ചു.ജില്ലാ വിദ്യാഭ്യാസ ഓഫീസർ പി.എം.ബാലകൃഷ്ണൻ മുഖ്യാതിഥിയായിരുന്നു.

എഇഒ എം.എസ്.രാജീവ്, ഗ്രാമപഞ്ചായത്തംഗങ്ങളായ എ.എം.ജോൺസൻ, എ.എസ്.സുനിൽകുമാർ,, വി.ആർ. ഷൈജു, സി.എസ്.അജീഷ്,, പ്രിൻസിപ്പാൾ കെ.പി.ലിയോ,, ഹെഡ് മാസ്ററർ ടി.അനിൽ കുമാർ, കെ.പി.മാത്യു, എ. എൻ. വാസുദേവൻ, അഡ്വ. കെ. എ.മനോഹരൻ, ജോമി ജോൺ,ബി.ബിജു.സി.പി.ജോബി, ഇ.പി.ഹരിധന്യ ബിജു.രമ്യ സിജു.എന്നിവർ സംസാരിച്ചു. വിരമിക്കുന്ന അദ്ധ്യാപികയായ ബി.ബീന മറുപടി പ്രസംഗം നടത്ത .തുടർന്ന് കുട്ടികളുടെ കലാപരിപാടികൾ അരങ്ങേറി

## ജാതിമത രാഷ്ട്രീയത്തിനധീതമായി ജനങ്ങൾക്ക് താങ്ങും തണലുമായി പ്രവർത്തിക്കണം : കരീം പന്നിത്തടം



കാട്ടകാമ്പാൽ: നാടിന്റെ വികസന പാതയിൽ ദൃഢനിശ്ചയത്തോടെ മുന്നേറുമ്പോൾ ജാതിമത രാഷ്ട്രീയത്തിനധീതമായി മനുഷ്യരെ ചേർത്ത് നിർത്തി,അവർക്കെന്നും താങ്ങും തണലുമായി ജനപ്രതിനിധികൾ പ്രവർത്തിക്കണമെന്ന് മുസ്ലിംലീഗ് ദേശീയ സമിതി അംഗം കരീം പന്നിത്തടം അഭിപ്രായപ്പെട്ടു.

ചിറക്കൽ അറഫ പാലാസിൽ സംഘടിപ്പിച്ച യു.ഡി.എഫ് ജനപ്രതിനിധികൾക്കുള്ള വികസന കാഴ്ചപ്പാട് സമ്മേളനവും ആദരിക്കുന്ന ചടങ്ങിൽ പ്രഭാഷണം നടത്തുകയായിരുന്നു.

പഞ്ചായത്ത് പ്രസിഡന്റ് ഇ.എം.കുഞ്ഞിമോൻ ഹാജി അധ്യക്ഷത വഹിച്ചു.കെ.സി. മൊയ്തുട്ടി ഉദ്ഘാടനം നിർവഹിച്ചു. ഗഫൂർ കടങ്ങോട് മുഖ്യ പ്രഭാഷണം നടത്തി.

പഞ്ചായത്ത് പ്രസിഡന്റ് കെ.ജയശങ്കർ,വൈ.പ്രസി. മിനി ഐപ്പ്,ബ്ലോക്ക് മെമ്പർ വിജയ ഗോപി, സുഹൈൽ കടവല്ലൂർ, ഐഷ സുലൈമാൻ തുടങ്ങിയവരെ ആദരിച്ചു.പുതുതായി തിരഞ്ഞെടുത്ത എം.എസ്.എഫ് ജില്ലാ പ്രസിഡന്റ് ഷഫീക്കിനെ അനുമോദിച്ചു.

## തൃത്താണി ശിവക്ഷേത്രത്തിലെ ശിവരാത്രി മഹോത്സവം

ഇരിങ്ങാലക്കുട : താണിശ്ശേരി തൃത്താണി ശിവക്ഷേത്രത്തിലെ ശിവരാത്രി മഹോത്സവം ഈ മാസം 15 ന് ആഘോഷിക്കും അന്നേ ദിവസം ഗണപതി ഹോമം, പഞ്ചാരിമേളം/പ്രസാദ ഊട്ട്/ഇരട്ട തായമ്പക, ചുറ്റുവിളക്ക് ദീപാരാധന, വർണ്ണ മഴ, അത്താഴപൂജ, തൃപ്പുക തൊഴൽ മെഗാഷോ എന്നിവ നടക്കും.

## വിവാഹ ആൽബം, വീഡിയോ, സി ഡി എന്നിവ നല്കിയില്ല, ഒരു മാസത്തിനുള്ളിൽ നൽകുവാനും നഷ്ടം നൽകുവാനും വിധി

തൃശൂർ: വിവാഹത്തിന്റേയും മനസ്സമ്മതത്തിന്റേയും ആൽബം, വീഡിയോ സി ഡി എന്നിവ നൽകാതിരുന്നതിനെത്തുടർന്ന് ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാരന് അനുകൂല വിധി. തൃശൂർ അരിമ്പൂർ തറയിൽ വീട്ടിൽ ലെയ്ഡിൻ ജോൺ ഫയൽ ചെയ്ത ഹർജിയിലാണ് കൊച്ചി എം ജി റോഡിലെ മാട്രിമോണി.കോം ലിമിറ്റഡിന്റെ മാനേജിങ്ങ് ഡയറക്ടർക്കെതിരെ ഇപ്രകാരം വിധിയായത്. വിവാഹത്തിന്റേയും മനസ്സമ്മതത്തിന്റേയും ആൽബം, വീഡിയോ സി ഡി എന്നിവ എടുത്തു നൽകുന്നതിന് 45000 രൂപ ഈടാക്കിയെന്നും ഇവ നൽകിയില്ലെന്നുമായിരുന്നു ഹർജിക്കാരന്റെ ആരോപണം. സമ്മതം നടന്നത് പുതുക്കാട് പള്ളിയിലും, വിവാഹം നടന്നത് എറവ് കപ്പൽ പള്ളിയിലുമായിരുന്നു. ചടങ്ങുകൾ റെക്കോഡ് ചെയ്തിരുന്നു. എന്നാൽ പല തവണ ആവശ്യപ്പെട്ടിട്ടും ആൽബവും സി ഡിയും നല്കുകയുണ്ടായില്ല. തുടർന്ന് ഹർജി ഫയൽ ചെയ്യുകയായിരുന്നു.

തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്., ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃകോടതി എതൃകക്ഷിയുടെ പ്രവൃത്തി അനുചിത ഇടപാടും സേവനത്തിലെ വീഴ്ചയുമാണെന്ന് വിലയിരുത്തി ഹർജിക്കാരന് ആൽബവും, വീഡിയോ സി ഡി യും നൽകണമെന്നും നഷ്ടപരിഹാരമായി 20000 രൂപയും ചിലവിലേക്ക് 10000 രൂപയും നൽകണമെന്നും വിധിയിൽ പറയുന്നു. വിധി തിയ്യതി മുതൽ ഒരു മാസത്തിനുള്ളിൽ പ്രവർത്തിച്ചില്ലെങ്കിൽ 30000 രൂപ കൂടുതൽ നൽകണമെന്നും വിധിയിൽ പരാമർശിക്കുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.



പറവട്ടാനി മാർ അദ്ദയ് ശ്ലീഹ പള്ളിയിൽ അന്നീദാ പെരുന്നാൾ വർണ്ണശബളമായ കൊടിതോരണങ്ങളാലും വൈദ്യുതദീപങ്ങളാലും പുഷ്പങ്ങളാലും മെഴുകിതിരിയും ചരാതും കത്തിച്ച് സെമിത്തേരിയിൽ പ്രിയപ്പെട്ടവരുടെ സ്മരണക്ക് മുമ്പിൽ വിശ്വാസികൾ പ്രാർത്ഥനാ പുഷ്പങ്ങൾ അർപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നു.

# കേരള സർക്കാരിന്റെ സിവിൽ സർവീസ് അക്കാദമി ഇരിഞ്ഞാലക്കുട കേന്ദ്രത്തിന്റെ ഉദ്ഘാടനം സെന്റ് ജോസഫ്സ് കലാലയത്തിൽ നടന്നു



ഇരിഞ്ഞാലക്കുട : കേരള സർക്കാരിന്റെ സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയുടെ ഭാഗമായ കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി ഇരിഞ്ഞാലക്കുട കേന്ദ്രത്തിന്റെ ഉദ്ഘാടനം ഇരിഞ്ഞാലക്കുട സെന്റ് ജോസഫ്സ് കോളേജിൽ ഉന്നത വിദ്യാഭ്യാസ സാമൂഹിക നീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു നിർവഹിച്ചു. സി സി ഇ കെ ഡയറക്ടർ ഇഷിത റോയ് അധ്യക്ഷത വഹിച്ച പരിപാടിയിൽ കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ബ്ലെസ്സി സ്വാഗതം ആശംസിച്ചു.

കോളേജ് മുൻ പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ആശ തെരേസ്, ഇരിഞ്ഞാലക്കുട വാർഡ് കൗൺസിലർ പി. വി. ശിവകുമാർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. സി. സി. ഇ. കെ. തൃശൂർ കേന്ദ്രത്തിന്റെ കോ ഓർഡിനേറ്റർ ബെലിൻഡ എസ്. നന്ദി പ്രകാശിപ്പിച്ചു.

## കോടതി പരസ്യം

**ബഹു. തൃശൂർ മൂന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ**

OS: 3419/2018

ചിറമ്മൽ കുറീസ് പ്രൈവറ്റ് ലിമിറ്റഡ്

-അന്യായം

തൃശൂർ താലൂക്ക്, ഒല്ലൂർ വില്ലേജ്, കുട്ടനെല്ലൂർ ദേശത്ത് പുളിക്കൽ ജോയി മകൻ പി ജെ ഡെന്നി

-2-ാം പ്രതി

മേൽ നമ്പർ അന്യായത്തിൽ 2-ാം പ്രതിക്കുള്ള സമൻസ് ടിയാന്റെ വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്താൻ അനുവദിച്ച് മേൽ നമ്പർകേസ് **09-03-2026** തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് അഡ്വക്കെറ്റ് മുഖാന്തിരമോ നേരിട്ടോ ബോധിപ്പിക്കാവുന്നതാണ്. അല്ലാത്തപക്ഷം താങ്കളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പാക്കുന്നതാണ എന്ന് എന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 10-2-2026

അന്യായഭാഗം അഡ്വക്കെറ്റ്

**ബിന്ദു കെ കെ** (ഒപ്പ്)

## കോടതി പരസ്യം

**ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ**

O.P: 52 /2025

ഇക്ബാൽ S/o അബദുൾ ഖദർ, അമ്പലത്ത് വീട്ടിൽ ഹൗസ്, എടക്കഴിയയൂർ പി ഒ., 680515 ചാവക്കാട് താലൂക്ക്

-ഹർജിക്കാരൻ

ഹംദ ഹാനിയ 23 വയസ്, D/o മുഹമ്മദ് ജവഹർ, നാലകത്ത് പടുവിങ്കൽ ഹൗസ്, പാവറട്ടി പി ഒ., Near Sir Syed School, പുതുമനശ്ശേരി ദേശം, പാവറട്ടി വില്ലേജ്, ചാവക്കാട് താലൂക്ക്-680507

- എതൃകക്ഷി

മേൽ നമ്പറിൽ എതൃക്ഷിക്കുള്ളള നേട്ടീസ് കോടതിയിലും വാസസ്ഥലത്തും പതച്ചുനടത്തുവൻ കല്പിച്ച് കേസ് **26-02-2026** തിയ്യതിക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം എതൃകക്ഷി നേരിട്ടോ അഡ്വക്കെറ്റ് മുഖാന്തിരമോ ഹാജരാകേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന് 13/2/2026

ഹർജി ഭാഗം അഡ്വക്കെറ്റ്

**എം വി വിനോദ്** (ഒപ്പ്)


# പൊതുവിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ കുതിപ്പ്

അക്കാദമിക മികവും പരിഷ്കരണങ്ങളും

- വിദ്യാർത്ഥികളുടെ അടിസ്ഥാന പഠനനിലവാരം ഉറപ്പാക്കാൻ 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിൽ സബ്ജക്ട് മിനിമം പദ്ധതി.
- 1 മുതൽ 10 വരെ ക്ലാസ്സുകളിലെയും ഒന്നാം വർഷ ഹയർസെക്കൻഡറിയിലെയും പാഠപുസ്തകങ്ങൾ പരിഷ്കരിച്ചു.
- എല്ലാ പാഠപുസ്തകങ്ങളിലും ഭരണഘടനയുടെ ആമുഖം.
- എസ്.എസ്.എൽ.സി, ഹയർസെക്കണ്ടറി പരീക്ഷകളും ഫലപ്രഖ്യാപനവും റെക്കോർഡ് വേഗത്തിൽ.

ഡിജിറ്റൽ വിദ്യാഭ്യാസവും സാങ്കേതികവിദ്യയും

- 2000 സ്കൂളുകളിൽ 7000 റോബോട്ടിക് ലാബുകൾ.
- പാഠപുസ്തകത്തിൽ റോബോട്ടിക്സ്, നിർമ്മിത ബുദ്ധി ഉൾപ്പെടുത്തി.
- സൈബർ സുരക്ഷ, AI, 3D മോഡലിംഗ് തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് ആധുനിക പരിശീലനം.
- 55,000 ക്ലാസ് മുറികളിലും കമ്പ്യൂട്ടർ ലാബുകളിലും അത്യാധുനിക ഐടി ഉപകരണങ്ങൾ.

അടിസ്ഥാന സൗകര്യ വികസനം

- കിഫ്ബി വഴി 973 സ്കൂളുകൾക്ക് ഭരണാനുമതി; 629 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.
- വർണ്ണക്കൂടാരം: 1500ലധികം പ്രീപ്രൈമറി സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിൽ.
- ഭൂമിശാസ്ത്ര പഠനത്തിന് 200 വിദ്യാലയങ്ങളിൽ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ.

ക്ഷേമപദ്ധതികളും ഉൾച്ചേർക്കൽ വിദ്യാഭ്യാസവും

- 43 ലക്ഷം വിദ്യാർത്ഥികൾക്ക് അപകട/ലൈഫ് ഇൻഷൂറൻസ് പരിരക്ഷ.
- എല്ലാ വിദ്യാർത്ഥികൾക്കും സമഗ്ര ഹെൽത്ത് കാർഡ്.
- 486 സ്പെഷ്യൽ കെയർ സെന്ററുകൾ.
- കായിക മേഖലയിൽ 'ഇൻക്ലൂസീവ് സ്പോർട്സ് മാനുവൽ'
- അതിഥി തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ പിന്തുണ.
- സംസ്ഥാന സ്കൂൾ കലോത്സവത്തിൽ തദ്ദേശീയ ജനതയുടെ കലാരൂപങ്ങൾ മത്സരയിനമാക്കി.

തൊഴിലും ഭരണപരമായ കാര്യക്ഷമതയും

- 2021-ന് ശേഷം സർക്കാർ/എയ്ഡഡ് മേഖലകളിൽ 30,564 അധ്യാപക നിയമനങ്ങൾ.
- ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കി.
- മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾക്ക് കൈറ്റ് വിക്ടേഴ്സ് വഴി സൗജന്യ പരിശീലനം.

